പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1557 — 13.06.2014 ൽ മറുപടിയ്ക്ക്

## ജാഗ്രതാ സമിതികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.<br>1. സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുക, പരിഹരിക്കുക.<br>2. സ്വയം പ്രശ്നങ്ങൾ ഏറ്റെടുത്ത് / കണ്ടെത്തി പരിഹരിക്കാനായി ഇടപെടുക.<br>3. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക.<br>4. സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക.<br>5. ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക. |
| ബി) കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ ഒഴിവാക്കുന്നതിന് ജാഗ്രതാ സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ ഒഴിവാക്കുന്നതിന് ജാഗ്രതാ സമിതികൾക്ക് വ്യത്യസ്ത തലങ്ങളിലായി ഇടപെടാൻ കഴിയുന്നതാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നിർഭയയുടെ നോഡൽ അദ്ധ്യാപകരെ ജാഗ്രതാ സമിതി പരിശീലനങ്ങളിൽ പങ്കെടുപ്പിക്കുന്നു. കുട്ടികൾക്കെതിരെയുള്ള പീഡന |

ങ്ങൾക്കെതിരെ പ്രതികരിക്കുവാൻ കഴിയുന്ന വിധത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ജാഗ്രതാ സമിതികൾക്ക് ചെയ്യുവാൻ കഴിയുന്നതാണ്. പഞ്ചായത്ത് തലത്തിൽ കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ നടന്നാൽ സ്വമേധയാ വിഷയങ്ങളിൽ ഇടപെടുവാനും സർക്കാർ സംവിധാനങ്ങളിലൂടെ പരിഹാരം തേടുവാനുമുള്ള അധികാരം ജാഗ്രതാ സമിതികൾക്ക് ഉണ്ടാകുന്നതാണ്. പഞ്ചായത്തുകളിലെ കുട്ടികളെ സംബന്ധിച്ച വിവരം വാർഡ് തലത്തിൽ സർവ്വേ നടത്തി കണ്ടെത്തുന്നതിനും, കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും, പെൺകുട്ടികൾക്കെതിരെയുള്ള പ്രശ്നങ്ങളിൽ ജാഗ്രതാ സമിതിയിൽ എത്തിച്ച് പ്രശ്ന പരിഹാരം ഉണ്ടാക്കുവാനും അംഗൻവാടി വർക്കർമാർ, ആശാ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി വാർഡ് മെമ്പർമാർ വഴി സാധിക്കുന്നതാണ്.

| | |
|---|---|
| (സി) ആയത് സംബന്ധിച്ച പഠന റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച മാസ്റ്റർ ഷെഫീഖ് കമ്മിറ്റി റിപ്പോർട്ടിന് 29.11.2013 ലെ സ.ഉ.(കൈ) നം.101/2013/സാനീവ. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) ആയത് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) ജാഗ്രതാ സമിതികൾ ശാക്തീകരിക്കുന്നതിനായി കില തയ്യാറാക്കിയിട്ടുള്ള മാറ്റങ്ങൾ വരുത്തിയ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ